LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

16(2004) ശ്രീ ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ ; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും ; ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കി ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; ജില്ല തിരിച്ച് വിശദാംശം നൽകുമോ ;

(ബി) ലൈൻമാൻ, ഓവർസിയർ തസ്തികകളിലേക്ക് യഥാസമയം പ്രൊമോഷൻ നല്കാത്തതിനാൽ മസ്ദൂർ തസ്തികയിൽ ഒഴിവുണ്ടാകുന്നില്ല എന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-9-2013 -ന് റാങ്ക് ലിസ്റ്റ് നിലവിൽ വന്നു, ലിസ്റ്റിന്റെ കാലാവധി 29-9-2016-ന് അവസാനിക്കും. ഇതുവരെ 1874 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. നിലവിൽ ഒരു ജില്ലയിലും ഒഴിവുകൾ ഇല്ല.

(ബി) ലൈൻമാൻ, ഓവർസിയർ തസ്തികകളിലേക്ക് യഥാസമയം പ്രൊമോഷൻ നൽകിവരുന്നുണ്ട്. ലൈൻമാൻ തസ്തികയിൽ നിലവിൽ ഒഴിവില്ല. ഓവർസിയർ തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിനുള്ള ഒഴിവുകൾ ആയിട്ടില്ല. ഓവർസിയർ & ലൈൻമാൻ തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുകയും ഇങ്ങനെയുണ്ടാകുന്ന മസ്ദൂർ ഒഴിവുകൾ പി.എസ്.സി. വഴി നികത്തുകയും ചെയ്തു വരുന്നു.

(സി) ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ട്.

കെ.എസ്.ഇ.ബി.-യുടെ ആസ്തി

17(2005) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും കെ.എസ്.ഇ.ബി.-യുടെ ആഡിറ്റ് പ്രകാരമുള്ള ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ എത്രയെന്നും തേയ്മാനം കഴിഞ്ഞുള്ള നെറ്റ് വാല്യൂ എത്രയെന്നും മൊത്തം ആസ്തി എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) 2011-12-ൽ കെ.എസ്.ഇ.ബി.-യുടെ വസ്തുവകകൾ എത്ര തുകയുടേതായിരുന്നുവെന്നും കഴിഞ്ഞ നാലുവർഷമായി എത്ര തുകയുടെ വസ്തുവകകൾ വൈദ്യുതി ബോർഡിന് നഷ്ടപ്പെട്ടുവെന്നും ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും കെ.എസ്.ഇ.ബി.-യുടെ മൂലധന വായ്പ എത്രയെന്നും വർക്കിംഗ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള ലോൺ എത്രയെന്നും മറ്റു വായ്പകൾ ഏതെല്ലാമെന്നും എത്ര തുകയ്ക്ക് എന്നും വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനങ്ങൾക്കായി 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും ചെലവായ തുക (വിവിധയിനങ്ങൾക്കുള്ള വിശദീകരണമുൾപ്പെടെ) എത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. ഇപ്രകാരം 2010-11 മുതൽ 2012-13 വരെയുള്ള ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂവും തേയ്മാനം കഴിഞ്ഞുള്ള നെറ്റ് വാല്യൂവും മൊത്തം ആസ്തി എത്ര എന്നുള്ള വിവരം ചുവടെ നൽകുന്നു. 2013-14-ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

സാമ്പത്തിക വർഷം	ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ (രൂപ ലക്ഷത്തിൽ)	തേയ്മാനം കഴിഞ്ഞുള്ള നെറ്റ് വാല്യൂ (രൂപ ലക്ഷത്തിൽ)	നെറ്റ് വാല്യൂ ഉൾപ്പെടെയുള്ള മൊത്തം ആസ്തി (രൂപ ലക്ഷത്തിൽ)
2010-11	11,21,090.31	6,36,214.90	9,12,177.27
2011-12	12,07,379.39	6,75,904.11	11,07,475.70
2012-13	12,69,287.39	6,86,880.91	13,54,833.88

(ബി) 2011-12 സാമ്പത്തിക വർഷാവസാന കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കൈവശമുള്ള വസ്തു വകകളുടെ (Land & Land Rights) ബുക്ക് വാല്യൂ 331.97 കോടി രൂപയാണ്.

ചില സ്ഥലങ്ങളിൽ കൈയേറ്റങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് ഒഴിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2011-12 മുതൽ 2014-15 വരെ സാമ്പത്തിക വർഷാവസാനമുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ മൂലധന വായ്പയുടെയും വർക്കിംഗ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള ലോണിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇതിൽ 2013-14 സാമ്പത്തിക വർഷത്തെ ആഡിറ്റ് പൂർത്തിയായിട്ടില്ല. 2014-15, 2015-16 എന്നീ വർഷങ്ങളിലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

സാമ്പത്തിക വർഷം	മൂലധന വായ്പ (രൂപ ലക്ഷത്തിൽ)	വർക്കിംഗ് ക്യാപ്പിറ്റലിനുവേണ്ടിയുള്ള വായ്പ (രൂപ ലക്ഷത്തിൽ)
2011-12	1,35,633.90	1,11,448.66
2012-13	2,13,419.63	1,94,296.58
2013-14	2,95,748.31	2,30,362.22
2014-15	3,70,093.00	2,10,189.00

(ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾക്കായി 2011-12 മുതൽ 2012-13 വരെ ഓരോ വർഷവും ചെലവായ ഇന ഇനം തിരിച്ച് ചുവടെ നൽകുന്നു: 2013-14 -ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. 2014-15, 2015-16 എന്നീ വർഷങ്ങളിലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

ഇന വിവരം	2011-12 സാമ്പത്തിക വർഷം (രൂപ ലക്ഷത്തിൽ)	2012-13 സാമ്പത്തികവർഷം (രൂപ ലക്ഷത്തിൽ)
വൈദ്യുതി വാങ്ങിയ ചെലവ്	4,37,530.72	7,19,961.09
വൈദ്യുതി ഉത്പാദന ചെലവ്	28,165.59	56,499.11
അറ്റകുറ്റപ്പണികൾ	25,170.01	25,154.49
ജീവനക്കാരുടെ ചെലവ്	1,90,332.78	2,10,303.25
ഭരണ ചെലവ്	20,272.15	20,243.28
തേയ്മാനവും മറ്റു ചെലവും	46,599.88	50,931.18
പലിശയിനത്തിലെ ചെലവ്	34,051.80	58,053.05

LIBRARY ARCHIVES Kerala Legislative Assembly